LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഭൂമികൾ

355(4365) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യത്തിന് ലഭ്യമാക്കുന്ന സർക്കാർ ഭൂമികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

സർക്കാർ പുറമ്പോക്ക്, മിച്ചഭൂമിയായി ഏറ്റെടുത്തത്, പൊതു ആവശ്യങ്ങൾക്കായി നീക്കി വച്ചിട്ടുള്ള ഭൂമി മുതലായവയാണ് സർക്കാർ ഭൂമികൾ.

(ബി) ഏതെല്ലാം പൊതു ആവശ്യങ്ങൾക്കാണ് ഇങ്ങനെയുള്ള ഭൂമികൾ ലഭ്യമാവുക എന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും ഭൂരഹിതർക്ക് പതിച്ചു നൽകുന്നതിനുമാണ് ഇത്തരം ഭൂമികൾ ലഭ്യമാകുന്നത്.

(സി) പൊതു ആവശ്യത്തിന് ലഭ്യമാക്കാവുന്ന കാസർകോട് ജില്ലയിലെ സ്ഥലത്തിന്റെ വിസ്തീർണ്ണം, സർവ്വേ നമ്പർ അടക്കമുള്ള വിശദാംശങ്ങൾ വില്ലേജ് തിരിച്ച് നൽകാമോ?

പൊതു ആവശ്യത്തിന് ലഭ്യമാക്കാവുന്ന കാസർകോട് ജില്ലയിലെ സ്ഥലത്തിന്റെ വിസ്തീർണ്ണം, സർവ്വേ നമ്പർ അടക്കമുള്ള വിശദാംശങ്ങൾ വില്ലേജ് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

പ്രളയത്തിൽ നശിച്ച രേഖകളുടെ കണക്കെടുപ്പ്

356(4366) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ നശിച്ചതും കേടുപറ്റിയതുമായ രേഖകളുടേയും പ്രമാണങ്ങളുടെയും കണക്കെടുപ്പ് ഭൂരേഖ വകുപ്പ് നടത്തിയിട്ടുണ്ടോ?

ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ വീണ്ടെടുക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സർവ്വെയും ഭൂരേഖയും വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ വകുപ്പിന്റെ പക്കലുള്ള അമൂല്യവും പുനർനിർമ്മിക്കാൻ കഴിയാത്തതുമായ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനായി ഇവ സ്കാൻ ചെയ്ത് ഓൺലൈൻ പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, വകുപ്പിലെ മുഴുവൻ രേഖകളും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഭൂപരിഷ്കരണ നിയമം പ്രകാരം ഏറ്റെടുത്ത ഭൂമി

357(4367) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ മലപ്പുറം ജില്ലയിൽ വിതരണം ചെയ്യുന്നതിനായി ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത മൂന്ന് സെന്റ് വീതമുള്ള പ്ലോട്ടുകൾ നിലവിലുണ്ടോ; ഇങ്ങനെ കണ്ടെത്തിയതിൽ വിതരണം ചെയ്യാത്ത എത്ര പ്ലോട്ടുകളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന മൂന്ന് സെന്റ് വീതമുള്ള 121 പ്ലോട്ടുകൾ നിലവിലുണ്ട്. ഇവയുടെ താലൂക്ക് തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

1)	തിരൂരങ്ങാടി താലൂക്ക്	-	4 പ്ലോട്ടുകൾ
2)	പെരിന്തൽമണ്ണ താലൂക്ക്	-	9 പ്ലോട്ടുകൾ
3)	കൊണ്ടോട്ടി താലൂക്ക്	-	16 പ്ലോട്ടുകൾ
4)	ഏറനാട് താലൂക്ക്	-	57 പ്ലോട്ടുകൾ
5)	നിലമ്പൂർ താലൂക്ക്	-	15 പ്ലോട്ടുകൾ
6)	തിരൂർ താലൂക്ക്	-	20 പ്ലോട്ടുകൾ
	ആകെ	-	121 പ്ലോട്ടുകൾ

(ബി) ഈ ഭൂമി ലൈഫ് പദ്ധതിയിലൂടെ വിതരണം ചെയ്യുവാൻ നിർദ്ദേശം നല്കിയിരുന്നോയെന്ന് അറിയിക്കുമോ?